(ഇ) തിരുവനന്തപുരം ജില്ലയിൽ എസ്. ആർ. എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെ മെഡിക്കൽ കോളേജിന് അംഗീകാരം വാങ്ങിക്കൊടുക്കാമെന്ന് പറഞ്ഞ് 17 കോടി രൂപ ആവശ്യപ്പെടുകയും 5.6 കോടി രൂപ അഡ്വാൻസായി കൺസൾട്ടന്റ് വിനോദിൽനിന്നും ആർ.എസ്. വിനോദിന് നൽകിയതായും പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിയിൽ പ്രവർത്തിക്കുന്ന ഒരു സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിന് അംഗീകാരം നേടുന്നതിന് ബി.ജെ.പി. നേതാവായ ശ്രീ. എം. ടി. രമേശ് 5 കോടി രൂപ കൈപ്പറ്റിയെന്നും മറ്റുമാണ് ആരോപണങ്ങൾ.

**വിജിലൻസിന്റെ ത്വരിതാന്വേഷണം**

148 (165) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ മന്ത്രിസഭയിലെ എത്ര മന്ത്രിമാർക്കെതിരെ ഇതുവരെ വിജിലൻസിന്റെ ത്വരിതാന്വേഷണം നടന്നു; കോടതി നിർദ്ദേശപ്രകാരം എത്ര മന്ത്രിമാർക്കെതിരെ അന്വേഷണം ആരംഭിക്കുകയുണ്ടായി; പരാതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ കേസ്സുകളിൽ ത്വരിതാന്വേഷണം പൂർത്തിയായി; അന്വേഷണത്തിൽ ഏതെങ്കിലും മന്ത്രിമാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഈ മന്ത്രിസഭയിലെ ഏതെങ്കിലും മന്ത്രി കൊലക്കേസ്സിൽ പ്രതിയാണോ; വിശദാംശം നൽകുമോ?

**ഉത്തരം**

(എ&ബി) നിലവിലെ മന്ത്രിസഭയിലെ ഒരു മന്ത്രിക്കെതിരെ വിജിലൻസിന്റെ ത്വരിതാന്വേഷണം നടന്നു. കുറ്റം ചെയ്തതായി തെളിയിക്കപ്പെട്ടിട്ടില്ല. തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവ് പ്രകാരം ഒരു മന്ത്രിക്കെതിരെ നടത്തിയ ത്വരിതാന്വേഷണം പൂർത്തിയായി. റിപ്പോർട്ട് കോടതിയുടെ പരിഗണനയിലാണ്.

(സി) വൈദ്യുതി വകുപ്പുമന്ത്രി പ്രതിയായിട്ടുള്ള ഒരു കേസ് നിലവിലുണ്ട്. കേസ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചുകഴിഞ്ഞു.

**സ്പെഷ്യൽ പ്രോസിക്യൂട്ടർമാർ**

149 (166) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly